**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1836** **11-10-2024 - ൽ മറുപടിയ്ക്ക്**

**എടത്വ കെ.എസ്.ആർ.ടി.സി. ഡിപ്പോ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | എടത്വ കെ.എസ്.ആർ.ടി.സി. ഡിപ്പോ നവീകരിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | എടത്വ ഡിപ്പോയിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് പൊതുമരാമത്ത് വകുപ്പ് മുഖേന നിലവിലുള്ള കെട്ടിടത്തിന്റെ മുകൾ ഭാഗത്തായി, Retiring റൂം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഇവിടെ നിന്നും കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതിനു നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | നിലവിൽ എടത്വ ഡിപ്പോയിൽ നിന്നും 6 ഫാസ്റ്റ് പാസഞ്ചർ സർവീസുകളും, 17 ഓർഡിനറി സർവീസുകളും ഉൾപ്പെടെ ആകെ 23 സർവീസുകൾ പ്രതിദിനം നടത്തി വരുന്നുണ്ട്. കൂടുതൽ സർവീസുകൾ ആരംഭിക്കണമെന്ന നിവേദനങ്ങളിന്മേൽ സാധ്യതാപഠനം നടത്തി പരിശോധിക്കുന്നതാണ്. |
| (സി) | കുട്ടനാട്ടിൽ നിർത്തലാക്കിയ മുഴുവൻ സ്റ്റേ സർവ്വീസുകളും പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | കാവാലം സ്റ്റേ സർവീസ് 19.09.2024-ൽ ആരംഭിച്ചിട്ടുണ്ട്. ലാഭകരവും ജനോപകാരപ്രദവുമായ കെ.എസ്.ആർ.ടി.സി. ബസ് സർവീസുകൾ / ട്രിപ്പുകൾ പുനഃക്രമീകരിച്ച് നടത്തി വരുന്നുണ്ട്. ജീവനക്കാരുടെയും ബസ്സിന്റെയും സുരക്ഷയും ലഭ്യമായ സ്ഥല സൗകര്യവും ജീവനക്കാർക്ക് ടോയ് ലെറ്റ്, ബാത്ത് റൂം ഉൾപ്പെടെയുള്ള മതിയായ വിശ്രമം ലഭിക്കുന്നതിനുള്ള സൗകര്യവും സൗജന്യമായി ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റേ സർവീസുകൾ പുനരാരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ